അടിയന്തരം - സമയബന്ധിതം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

തിരുവനന്തപുരം -695033

നമ്പർ:B2/20/2026-SEC തീയതി:01.09.2026

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ,**
**തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.**

അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം &
വരണാധികാരി, ബി 10 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം.

അസിസ്റ്റന്റ് സെക്രട്ടറി, ഡയറക്ടറേറ്റ് ഓഫ് സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ്, വഴുതക്കാട്, തിരുവനന്തപുരം &
വരണാധികാരി, ബി 11 വർക്കല ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം.

എംപ്ലോയിമെന്റ് ഓഫീസർ, റൂറൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച്, കഴക്കൂട്ടം & വരണാധികാരി, ജി 29 മംഗലപുരം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.

അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ, താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, നെയ്യാറ്റിൻകര &
വരണാധികാരി, ജി 05 തിരുപുറം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം &
വരണാധികാരി, ഡി 01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.

ടൗൺ എംപ്ലോയിമെന്റ് ഓഫീസർ, തിരുവല്ല &
വരണാധികാരി, ജി 09 കറ്റൂർ ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട.

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, മല്ലപ്പള്ളി &
വരണാധികാരി, ജി 06 കന്നന്താനം ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (പി ഡബ്യൂ ഡി റോഡ്സ്), സബ് ഡിവിഷൻ, പത്തനംതിട്ട &

വരണാധികാരി, ജി 36 അരുവാപ്പുലം ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട.

ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ, റാന്നി &
വരണാധികാരി, ജി 27 റാന്നി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട.

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പാമ്പാടി &
വരണാധികാരി, ജി 50 മീനടം ഗ്രാമ പഞ്ചായത്ത്, കോട്ടയം.

ജില്ലാ കളക്ടർ, കോട്ടയം &
വരണാധികാരി, ഡി 05 കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കോട്ടയം & വരണാധികാരി, ജി 46 പാമ്പാടി ഗ്രാമ പഞ്ചായത്ത്, കോട്ടയം.

അസിസ്റ്റന്റ് എഞ്ചിനീയർ, എം വി ഐ പി സെക്ഷൻ നം.1/1, മുട്ടം, തൊടുപുഴ & വരണാധികാരി, ജി 43 മുട്ടം ഗ്രാമ പഞ്ചായത്ത്, ഇടുക്കി.

തഹസിൽദാർ (ലാന്റ് റെക്കോർഡ്സ്), താലൂക്ക് ഓഫീസ്, നോർത്ത് പറവൂർ & വരണാധികാരി, ജി 04 വടക്കേക്കര ഗ്രാമ പഞ്ചായത്ത്, എറണാകുളം.

തഹസിൽദാർ (ലാന്റ് റെക്കോർഡ്സ്), കുന്നത്തുനാട്, പെരുമ്പാവൂർ, എറണാകുളം & വരണാധികാരി, ജി 48 പൂതൃക്ക ഗ്രാമ പഞ്ചായത്ത്, എറണാകുളം.

എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്), ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച്, മിനി സിവിൽ സ്റ്റേഷൻ, ആലുവ &
വരണാധികാരി, ജി 73 പാറക്കടവ് ഗ്രാമ പഞ്ചായത്ത്, എറണാകുളം.

സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി&
വരണാധികാരി, സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, എറണാകുളം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ &
വരണാധികാരി, ബി 78 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

ഡിസ്ട്രിക്ട് ഡവലപ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, തൃശ്ശൂർ &
വരണാധികാരി, ബി 89 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തളിക്കുളം &
വരണാധികാരി, ജി 43 തളിക്കുളം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

സബ് രജിസ്ട്രാർ, ചേലക്കര &

വരണാധികാരി, ജി 21 ചേലക്കര ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ &
വരണാധികാരി, എം 32 ചാലക്കുടി മുനിസിപ്പാലിറ്റി, തൃശ്ശൂർ

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തത്തമംഗലം, ചിറ്റൂർ &
വരണാധികാരി, ജി 70 പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത്, പാലക്കാട്

ജില്ലാ കളക്ടർ, പാലക്കാട് &
വരണാധികാരി, ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത്, പാലക്കാട്

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ, സിവിൽ സ്റ്റേഷൻ, പാലക്കാട് &
വരണാധികാരി, എം 41 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി, പാലക്കാട്

പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, സിവിൽ സ്റ്റേഷൻ, പാലക്കാട് &
വരണാധികാരി, ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്

ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർ, സിവിൽ സ്റ്റേഷൻ, പാലക്കാട് &
വരണാധികാരി, ബി 104 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യ ഡി ബിൽഡിംഗ്സ് സബ് ഡിവിഷൻ, മണ്ണാർക്കാട് &
വരണാധികാരി, ജി 33 കരിമ്പ ഗ്രാമ പഞ്ചായത്ത്, പാലക്കാട്

സബ് രജിസ്ട്രാർ, കടമ്പഴിപ്പുറം &
വരണാധികാരി, ജി 27 ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, പാലക്കാട്

അസിസ്റ്റന്റ് എജ്യുക്കേഷണൽ ഓഫീസർ, വേങ്ങര &
വരണാധികാരി, ജി 75 വേങ്ങര ഗ്രാമ പഞ്ചായത്ത്, മലപ്പുറം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യ സബ് ഡിവിഷൻ, മങ്കട ബ്ലോക്ക് പഞ്ചായത്ത് &
വരണാധികാരി, ജി 56 മങ്കട ഗ്രാമ പഞ്ചായത്ത്, മലപ്പുറം

സബ് രജിസ്ട്രാർ, പൊന്നാനി &
വരണാധികാരി, ജി 95 കാലടി ഗ്രാമ പഞ്ചായത്ത്, മലപ്പുറം

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, തിരൂർ &
വരണാധികാരി, ജി 69 താനാളൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം

ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്&
വരണാധികാരി, സി 05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് (ഓഡിറ്റ്), കണ്ണൂർ &
വരണാധികാരി, ജി 47 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ &
വരണാധികാരി, എം 57 മട്ടന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ

ഡെപ്യൂട്ടി കളക്ടർ (ആർ ആർ), കളക്ടറേറ്റ്, വയനാട് &
വരണാധികാരി, ബി 132 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്, വയനാട്

അസിസ്റ്റന്റ് എജ്യൂക്കേഷണൽ ഓഫീസർ, ചെറുവത്തൂർ &
വരണാധികാരി, ജി 37 പിലിക്കോട് ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ നിയോജകമണ്ഡല/വാർഡുകളിൽ <u>2026 സെപ്റ്റംബർ 28 (തിങ്കൾ)</u> ന് നടത്തുന്ന 1-ാം ഉപതിരഞ്ഞെടുപ്പ് – കാര്യപരിപാടി അറിയിക്കുന്നത് – സംബന്ധിച്ച്.

സംസ്ഥാനത്തെ 12 ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിലും <u>2026 സെപ്റ്റംബർ 28 (തിങ്കൾ) -</u> ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി കൊടുത്തിരിക്കുന്നു. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുന്നു.

<u>പട്ടിക</u>

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | ബി 10 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 14 അഞ്ചുതെങ്ങ് | പട്ടികജാതി |
| 2. | തിരുവനന്തപുരം | ബി 11 വർക്കല ബ്ലോക്ക് പഞ്ചായത്ത് | 07 ഒറ്റൂർ | സ്ത്രീ |
| 3. | തിരുവനന്തപുരം | ജി 29 മംഗലപുരം ഗ്രാമ പഞ്ചായത്ത് | 16 മുണ്ടക്കൽ | സ്ത്രീ |
| 4. | തിരുവനന്തപുരം | ജി 05 തിരുപുറം ഗ്രാമ പഞ്ചായത്ത് | 05 പഴയകട | പട്ടികജാതി |

| | | | | |
|---|---|---|---|---|
| 5. | തിരുവനന്തപുരം | ഡി 01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 04 കല്ലറ | ജനറൽ |
| 6. | പത്തനംതിട്ട | ജി 09 കറ്റൂർ ഗ്രാമ പഞ്ചായത്ത് | 08 ഓതറ | പട്ടികജാതി |
| 7. | പത്തനംതിട്ട | ജി 06 കന്നന്താനം ഗ്രാമ പഞ്ചായത്ത് | 02 വള്ളോക്കുന്ന് | സ്ത്രീ |
| 8. | പത്തനംതിട്ട | ജി 36 അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് | 06 കല്ലേലി | പട്ടികജാതി |
| 9. | പത്തനംതിട്ട | ജി 27 റാന്നി ഗ്രാമ പഞ്ചായത്ത് | 14 ബ്ലോക്ക് പടി | സ്ത്രീ |
| 10. | കോട്ടയം | ജി 50 മീനടം ഗ്രാമ പഞ്ചായത്ത് | 01 ചീരംകുളം | പട്ടികജാതി |
| 11. | കോട്ടയം | ഡി 05 കോട്ടയം ജില്ലാ പഞ്ചായത്ത് | 17 തൃക്കൊടിത്താനം | ജനറൽ |
| 12. | കോട്ടയം | ജി 46 പാമ്പാടി ഗ്രാമ പഞ്ചായത്ത് | 10 കമ്പന്താനം | ജനറൽ |
| 13. | ഇടുക്കി | ജി 43 മുട്ടം ഗ്രാമ പഞ്ചായത്ത് | 09 തുടങ്ങനാട് | സ്ത്രീ |
| 14. | എറണാകുളം | ജി 04 വടക്കേക്കര ഗ്രാമ പഞ്ചായത്ത് | 09 മടപ്ലാതുരുത്ത് കിഴക്ക് | ജനറൽ |
| 15. | എറണാകുളം | ജി 48 പൂതൃക്ക ഗ്രാമ പഞ്ചായത്ത് | 08 കോലഞ്ചേരി ഈസ്റ്റ് | സ്ത്രീ |
| 16. | എറണാകുളം | ജി 73 പാറക്കടവ് ഗ്രാമപഞ്ചായത്ത് | 04 പുളിയനം തെക്ക് | സ്ത്രീ |
| 17. | എറണാകുളം | സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 19 അയ്യപ്പൻകാവ് | ജനറൽ |
| 18. | തൃശ്ശൂർ | ബി 78 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | 13 തളി | ജനറൽ |
| 19. | തൃശ്ശൂർ | ബി 89 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 01 എടത്തിരിഞ്ഞി | ജനറൽ |
| 20. | തൃശ്ശൂർ | ജി 43 തളിക്കുളം ഗ്രാമ പഞ്ചായത്ത് | 13 ആര്യംപാടം | ജനറൽ |
| 21. | തൃശ്ശൂർ | ജി 21 ചേലക്കര ഗ്രാമ പഞ്ചായത്ത് | 16 കുറുമല കിഴക്കുമുറി | ജനറൽ |
| 22. | തൃശ്ശൂർ | എം 32 ചാലക്കുടി മുനിസിപ്പാലിറ്റി | 24 മുനിസിപ്പൽ ഓഫീസ് | ജനറൽ |
| 23. | | ജി 70 പട്ടഞ്ചേരി | | |

| | | | | |
|---|---|---|---|---|
| | പാലക്കാട് | ഗ്രാമ പഞ്ചായത്ത് | 09 പറക്കാട്ടുചള്ള | സ്ത്രീ |
| 24. | പാലക്കാട് | ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് | 17 പല്ലശ്ശന | ജനറൽ |
| 25. | പാലക്കാട് | എം 41 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി | 24 പരുത്തിക്കാവ് | ജനറൽ |
| 26. | പാലക്കാട് | ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 14 ഹേമാംബിക നഗർ | സ്ത്രീ |
| 27. | പാലക്കാട് | ബി 104 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 02 അത്തിപ്പൊറ്റ | സ്ത്രീ |
| 28. | പാലക്കാട് | ജി 33 കരിമ്പ ഗ്രാമ പഞ്ചായത്ത് | 13 വെട്ടം | ജനറൽ |
| 29. | പാലക്കാട് | ജി 27 ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | 13 രാഗംകോർണർ | ജനറൽ |
| 30. | മലപ്പുറം | ജി 75 വേങ്ങര ഗ്രാമ പഞ്ചായത്ത് | 03 പൂങ്കുടായ | ജനറൽ |
| 31. | മലപ്പുറം | ജി 56 മങ്കട ഗ്രാമ പഞ്ചായത്ത് | 04 കടന്നമണ്ണ | സ്ത്രീ |
| 32. | മലപ്പുറം | ജി 95 കാലടി ഗ്രാമ പഞ്ചായത്ത് | 12 വെറ്റൂർ | പട്ടികജാതി |
| 33. | മലപ്പുറം | ജി 69 താനാളൂർ ഗ്രാമ പഞ്ചായത്ത് | 01 മൂലക്കൽ | ജനറൽ |
| 34. | കോഴിക്കോട് | സി 05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 59 കുറ്റിച്ചിറ | സ്ത്രീ |
| 35. | കണ്ണൂർ | ജി 47 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 06 ബാവോഡ് ഈസ്റ്റ് | ജനറൽ |
| 36. | കണ്ണൂർ | എം 57 മട്ടന്നൂർ മുനിസിപ്പാലിറ്റി | 17 ഉരുവച്ചാൽ | ജനറൽ |
| 37. | വയനാട് | ബി 132 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 08 പള്ളിക്കൽ | പട്ടിക വർഗ്ഗ സ്ത്രീ |
| 38. | കാസർഗോഡ് | ജി 37 പിലിക്കോട് ഗ്രാമ പഞ്ചായത്ത് | 02 പിലിക്കോട് | സ്ത്രീ |

1. 28.09.2026-ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് 01.09.2026 (ചൊവ്വ) മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
2. മേൽ പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ / വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മാർ 19.08.2026 (ബുധൻ)-ൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന്

ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷനെ ഉടൻ അറിയിക്കേണ്ടതാണ്.

3. ഈ അറിയിപ്പ് എല്ലാ വരണാധികാരികൾക്കും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം-1-ലുള്ള നോട്ടീസ് 03.09.2026 (വ്യാഴം)-ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ട പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

4. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. 2026 സെപ്റ്റംബർ 28 (തിങ്കൾ)-ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ / വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

5. ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരികൾ, ഉപജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലയിലെ പോലീസ് മേധാവി, മോട്ടോർ വാഹന വകുപ്പ് മേധാവി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, ഉപവരണാധികാരികൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വിളിച്ചു കൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ, തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലെ നിയമപരിപാലനം എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

6. പ്രസ്തുത യോഗത്തിനനുബന്ധമായി ഉദ്യോഗസ്ഥരുടെ മാത്രമായ ഒരു യോഗം ചേരേണ്ടതും തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ, തിരഞ്ഞെടുപ്പ് പ്രചരണ രംഗത്തും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങളിലെ നിയമലംഘനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ പാലനം, മാതൃകാ പെരുമാറ്റ ചട്ടപാലനം, ആന്റി ഡീഫെയ്സ്മെന്റ് പ്രവർത്തനം, സ്ഥാനാർത്ഥികളുടെ ചെലവിന്മേലുള്ള നിരീക്ഷണം മുതലായ വിഷയങ്ങൾ അവലോകനം ചെയ്യേണ്ടതും തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്.

7. ഉപതിരഞ്ഞെടുപ്പായതിനാൽ ജില്ലകളിലെ മാതൃകാ പെരുമാറ്റചട്ടപാലനം, ആന്റി ഡിഫെയ്സ്മെന്റ് പ്രവർത്തനങ്ങൾ, സ്ഥാനാർത്ഥികളുടെ ചെലവിന്മേലുള്ള നിരീക്ഷണം

എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ അതത് വരണാധികാരികളിലും അതുമായി ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിലും നിക്ഷിപ്തമായിരിക്കും. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പൊതു നിരീക്ഷകനായും പ്രവർത്തിക്കേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അതിനാവശ്യമായ നിർദ്ദേശങ്ങൾ പോലീസധികാരികൾ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും ആവശ്യകത പരിശോധിച്ച് ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. അത്തരം സ്ക്വാഡുപോലുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ അതിന് <u>കമ്മീഷന്റെ അംഗീകാരം</u> കൂടി വാങ്ങേണ്ടതാണ്.

8. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

9. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **രണ്ടായിരം രൂപയും** (2,000/-), ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **നാലായിരം രൂപയും** (4,000/-), ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **അയ്യായിരം രൂപയും** (5,000/-), മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് **നാലായിരം രൂപയും** (4,000/-), മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ മത്സരിക്കുന്നതിന് **അയ്യായിരം രൂപയും** (5,000/-) ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവെക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്. **കെട്ടിവയ്ക്കേണ്ട തുക 8443-civil deposits – 121 – deposits in connection with election – 94 – deposits made by candidate for Panchayat /8443 – 121 -95-deposits made by candidate for municipality എന്നീ അതത് ശീർഷകങ്ങളിലെ ട്രഷറി നിക്ഷേപമായോ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയ രസീത് ഹാജരാക്കിയോ നിക്ഷേപതുക നേരിട്ട് വരണാധികാരിയുടെ പക്കൽ ഏല്പിച്ചോ നിക്ഷേപിക്കാവുന്നതാണ്.**

10. വരണാധികാരികൾ സ്ഥാനാർത്ഥികളുടെ നിക്ഷേപതുക സ്വീകരിക്കുന്നതിലും തിരഞ്ഞെടുപ്പിന് ശേഷവും മറ്റും പ്രസ്തുത നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുയോ ചെയ്യുന്നതു സംബന്ധിച്ചും കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 03.02.2025-ലെ

B2/27/2025-SEC, 13.11.2025-ലെ B2/132/2025-SEC-Part(2) എന്നീ നമ്പർ സർക്കുലറുകളിലെ പ്രസക്ത ഭാഗങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ 1,50,000/- രൂപയും (ഒരുലക്ഷത്തിയമ്പതിനായിരം), ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 1,50,000/- രൂപയും (ഒരുലക്ഷത്തിയമ്പതിനായിരം), ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 75,000/-രൂപയും (എഴുപത്തയ്യായിരം), മുനിസിപ്പാലിറ്റി വാർഡുകളിൽ 75,000/-രൂപയും (എഴുപത്തയ്യായിരം), ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000/-(ഇരുപത്തയ്യായിരം) രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.

12. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഇതിലേയ്ക്ക്, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് അധികാരപ്പെട്ട ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ വിവരവും മറ്റ് തിരഞ്ഞെടുപ്പ് നടപടികളും, മാതൃകാപെരുമാറ്റചട്ട പാലനം, തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ സ്ഥാനാർത്ഥികളും ഇലക്ഷൻ ഏജന്റുമാരും പാലിക്കേണ്ട നിയമപരമായ പ്രവർത്തികളെയും മറ്റും സംബന്ധിച്ച് അവരുടെ ഒരു യോഗം മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റ് (ഫാറം-6) പ്രസിദ്ധീകരിച്ചാലുടൻ വിളിച്ച് ചേർത്ത് അറിയിക്കാൻ വരണാധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

13. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പ് / 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 142-ാം വകുപ്പ് അനുസരിച്ച് നിശ്ചിത സമയത്തിനകം തിരഞ്ഞെടുപ്പ് ചെലവു കണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, www.sec.kerala.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനിലൂടെ യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

14. വരണാധികാരി ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാരോടൊപ്പം പോളിംഗ് സ്റ്റേഷനുകൾ പരിശോധിക്കുകയും കമ്മീഷന്റെ 23.11.2025 ലെ B2/132/2025/SEC നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങൾ ഉറപ്പാക്കുകയും വേണം.

വിശ്വസ്തതയോടെ,

സജീവ് ഇ.പി
സെക്രട്ടറി

പകർപ്പ്:

1. ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സർക്കിൾ

(അറിവിലേയ്ക്കും ആവശ്യമായ സാങ്കേതിക സഹായത്തിനുമായി)

2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (പേര് വച്ച കവറിൽ)

(തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ സ്ഥലമാറ്റം ഒഴിവാക്കുന്നതിനും പെരുമാറ്റച്ചട്ടം പാലിക്കുന്നതിനുമായി)

3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം (പേര് വച്ച കവറിൽ)

(തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ സ്ഥലമാറ്റം ഒഴിവാക്കുന്നതിനും പെരുമാറ്റച്ചട്ടം പാലിക്കുന്നതിനുമായി)

4. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ (ഉപജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - അർബൻ), തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.

5. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (ഉപജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - റൂറൽ), തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.

6. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർ മുഖേന)

7. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)

8. കമ്പ്യൂട്ടർ പ്രോഗ്രാമർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (Technical Arrangements)

9. എ2, എ4, ബി5 സെക്ഷനുകൾ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)

10. പബ്ലിക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (വാർത്താക്കുറിപ്പ് നൽകുന്നതിനായി)

11. സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

12. കമ്മീഷണറുടെ പി.എസ്./സി.എ./സെക്രട്ടറിയുടെ സി.എ.

13. ഫയൽ/സ്റ്റോക്ക് ഫയൽ

## അനുബന്ധം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം
1-ാം ഉപതിരഞ്ഞെടുപ്പ് (2026 സെപ്റ്റംബർ 28)

## കാര്യപരിപാടി

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : | 03.09.2026 (വ്യാഴം) |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : | 10.09.2026 (വ്യാഴം) |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : | 11.09.2026 (വെള്ളി) |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : | 14.09.2026 (തിങ്കൾ) |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും സമയവും | : | 28.09.2026 (തിങ്കൾ)<br>07 AM മുതൽ – 06 PM വരെ |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : | 29.09.2026 (ചൊവ്വ)<br>10 AM |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : | 01.10.2026 (വ്യാഴം) |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : | 29.10.2026 (വ്യാഴം) |

സജീവ് ഇ.പി
സെക്രട്ടറി